# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1093 04.02.2019 ൽ മറുപടിക്ക്**

## കാലവർഷക്കെടുതിയിൽ തകർന്ന റോഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പാറക്കൽ അബ്ദുല്ല**<br>**ശ്രീ.ടി. വി. ഇബ്രാഹിം**<br>**ശ്രീ.കെ.എം.ഷാജി** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| എ) | കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ കണക്ക് എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ; | എ) | കണക്ക് എടുത്തിട്ടുണ്ട്. |
| ബി) | തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; | ബി) | റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 955.15 കോടി രൂപയും 7329 കി.മീ റോഡിന്റെ ഉപരിതലം പുതുക്കുന്നതിനായി 6591 കോടി രൂപയും 3179 കി.മീ ഡിസൈൻ റോഡിന്റെ നിർമ്മാണത്തിന് 5975 കോടി രൂപയും ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്.<br>കേരളത്തിലെ വിവിധ ദേശീയപാതകളിലുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് പുനർ നിർമ്മിക്കുന്നതിന് ആവശ്യമായ തുക കേന്ദ്ര മന്ത്രാലയമാണ് അനുവദിക്കുന്നത്. കേന്ദ്ര മന്ത്രാലയം വാർഷിക പദ്ധതി 2018-19 ഘട്ടം ഒന്നിൽ ഉൾപ്പെടുത്തി 206.85 കോടി രൂപയ്ക്കും ആന്വൽ റിന്യൂവൽ പ്രോഗ്രാം 2018-19 ൽ പെടുത്തി 74.50 കോടി രൂപയ്ക്കുമുള്ള അനുമതി നൽകുകയും, ആന്വൽ പ്ലാൻ ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി 160 കോടി രൂപയ്ക്കും ആന്വൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ വിഹിതമായ 178 കോടി രൂപയ്ക്കുള്ള പദ്ധതികളും കണക്കാക്കി അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിൽ പ്രളയത്തിൽ ഭാഗികമായി തകർന്ന |

ശംഖുമുഖം ബീച്ച് റോഡിന്റെ നവീകരണത്തിനായി ഏകദേശം 42.62 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ളത്.

സി) കനത്ത മഴയെ അതിജീവിക്കാനുതകുന്ന തരത്തിലുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

സി) കനത്ത മഴയെ അതിജീവിക്കുന്നതിനായി റോഡുകൾ BM & BC നിലവാരത്തിൽ നിർമ്മിക്കുന്നതിനും ഫണ്ടുകളുടെ ലഭ്യതയ്ക്ക് അനുസരിച്ച് എല്ലാ റോഡുകളിലും ഡ്രെയിനേജ് സൗകര്യവും ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ ദേശീയപാതകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുമ്പോൾ ഇപ്പോഴുണ്ടായ മഴയുടെയും വെള്ളപ്പൊക്കത്തിന്റെയും പശ്ചാത്തലം കൂടി കണക്കിലെടുത്തായിരിക്കും ഡിസൈനുകൾ ആവിഷ്കരിക്കുക.

കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന റോഡുകളുടെ നിർമ്മാണത്തിന് ഐ.ആർ.സി മാനദണ്ഡങ്ങൾ പാലിച്ചാണ് നിർമ്മിക്കുന്നത്.

ഡി) തകർന്ന റോഡുകളുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കാമോ?

ഡി) പ്രളയത്തെത്തുടർന്ന് ഗതാഗത തടസ്സമുള്ള റോഡുകളിലൂടെയുള്ള ഗതാഗതം പുന:സ്ഥാപിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികളിൽ 4429 കി.മീ പൂർത്തീകരിച്ചിട്ടുണ്ട്. ഹ്രസ്വകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. ഉപരിതലം പുതുക്കുന്നതിനായി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ എല്ലാം തന്നെ ടെണ്ടർ ചെയ്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ദേശീയപാതകളെല്ലാം തന്നെ മഴക്കെടുതികൾ മൂലമുണ്ടായ എല്ലാ നാശനഷ്ടങ്ങളും താല്ക്കാലികമായി പരിഹരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവയുടെ ശാശ്വതമായ പരിഹാരത്തിനുള്ള പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ വാർഷിക പദ്ധതിയിലും (ആന്വൽ പ്ലാൻ), വാർഷിക റിന്യൂവൽ

പദ്ധതിയിലും ഉൾപ്പെടുത്തിയാണ് അനുമതി നല്കുന്നത്. ആയതിനാൽ ഇവയുടെ പൂർത്തീകരണത്തിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള ശംഖുമുഖം ബീച്ച് റോഡിന്റെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ